പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1051.

08.01.2014-ലെ മറുപടിയ്ക്ക്

## സരയൂ ടൂറിസം പദ്ധതി.

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീമതി. ഗീതാഗോപി | **ശ്രീ.എ.പി.അനിൽകുമാർ**<br>(ബഹു. പട്ടികജാതി-പിന്നോക്ക സമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| (എ) നാട്ടിക നിയോജകമണ്ഡലത്തിലെ സരയൂ ടൂറിസം പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (എ) നാട്ടിക നിയോജക മണ്ഡലത്തിലെ സരയൂ പദ്ധതിയ്ക്ക് 15 ലക്ഷം രൂപയുടെ ഭരണാനുമതി നല്കിയിട്ടുണ്ട്. ആദ്യ ഗഡുവായി 7.5 ലക്ഷം രൂപ പദ്ധതിക്കു വേണ്ടി അനുവദിച്ചു. കൂടാതെ പ്രസ്തുത പദ്ധതിക്കായി ബഹു. എം.പി. ശ്രീ.അച്യുതൻ.എം.പി.യുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്നും 10 ലക്ഷം രൂപയും അനുവദിച്ചിരുന്നു. എം.പി. ഫണ്ട് ഉപയോഗിച്ച് താന്ന്യം ഗ്രാമപഞ്ചായത്തിലെ സരയൂ ടൂറിസം പദ്ധതിയിൽ കുട്ടികൾക്കായുള്ള പാർക്ക് നിർമ്മിക്കുന്നതിലേക്ക് ഏജൻസിയായ തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രം 08.08.2012-ൽ എഗ്രിമെന്റ് വെച്ചിട്ടുണ്ടായിരുന്നു. ബഹു.എം.പി.യുടെ പ്രാദേശിക വികസന ഫണ്ട് ഉപയോഗിച്ചുള്ള ടൂറിസം വികസന പദ്ധതിയുടെ നിർമ്മാണോദ്ഘാടനവും ശിലാ സ്ഥാപനവും 05.08.2013-ന് നിർവ്വഹിച്ചിട്ടുള്ളതാണ്. പ്രസ്തുത പദ്ധതിയ്ക്ക് ആസ്പദമായ സ്ഥലം താന്ന്യം പഞ്ചായത്ത് അധീനതയിൽ വരുന്നതും പഞ്ചായത്ത് ഡി.ടി.പി.സി.-ക്ക് സ്ഥലം കൈമാറ്റം ചെയ്ത് തന്നിട്ടില്ലാത്തതുമാണ്. എന്നാൽ പഞ്ചായത്ത് 16.05.2003-ൽ 203/2003-ാം നമ്പർ റസല്യൂഷൻ പ്രകാരം പ്രസ്തുത സ്ഥലത്ത് ടൂറിസം വകുപ്പ് നടത്തുന്ന |

| | | | |
|---|---|---|---|
| | | | വികസന പ്രവർത്തനങ്ങൾക്കായി ഡി.ടി.പി.സി.-ക്ക് സ്ഥലം ഉപയോഗിക്കുന്നതിന് സമ്മതം നൽകുന്നതിനുള്ള തീരുമാനം എടുത്തിട്ടുണ്ട്. |
| (ബി) | പദ്ധതി പ്രവർത്തനം മുന്നോട്ട് നീങ്ങുന്നതിന് എന്തെങ്കിലും പ്രതിബന്ധങ്ങൾ ഉള്ളതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; | (ബി) | പദ്ധതി പ്രദേശം ആർക്കിയോളജി വകുപ്പിന്റെ അധീനതയിലാണ് ആയതിനാൽ പ്രസ്തുത വകുപ്പിന്റെ സമ്മതപത്രം ലഭിക്കുന്നതിന് നടപടികൾ കൈക്കൊണ്ട് വരികയാണ്. ആർക്കിയോളജി വകുപ്പിന്റെ അധീനതയിലുള്ള സ്ഥലത്ത് ചേർന്ന് കിടക്കുന്ന 100 മീറ്ററും ശേഷം വരുന്ന 200 മീറ്ററും സംരക്ഷിത മേഖല പരിധിയായതിനാൽ അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിയമതടസ്സമാണ് ഇക്കാര്യത്തിൽ പദ്ധതിക്ക് പ്രതിബന്ധമായി കാണുന്നത്. |
| (സി) | ആർക്കിയോളജി അനുമതിക്കു വേണ്ടി, ആവശ്യമായ മുഴുവൻ രേഖകളും ബന്ധപ്പെട്ടവർ സമർപ്പിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | കേന്ദ്ര ആർക്കിയോളജി വകുപ്പിന്റെ അനുമതി ലഭിക്കുന്നതിന് വേണ്ടി 12.08.2012-ന് ഡി.ടി.പി.സി. ചെയർമാൻ ആയ ജില്ല കളക്ടർ Senior Conservation Assistant, Archeological Survey of India, Thrissur Circile-ന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ആർക്കിയോളജി അനുമതി എത്രയും വേഗം ലഭ്യമാക്കി പദ്ധതി പ്രവർത്തനം പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കനോലി കനാൽ തീരമായതിനാൽ നിയമപരമായ നിർമ്മാണ പ്രവർത്തനം നടത്തുന്നതിന്, പ്രോജക്ട് റിപ്പോർട്ട് സഹിതം ആർക്കിയോളജി വകുപ്പ് ഇറിഗേഷൻ വകുപ്പുമായി ചേർന്ന് ഒരു സംയുക്ത സ്ഥല പരിശോധന നടത്തി തീരുമാനം കൈക്കൊള്ളേണ്ടതായിട്ടുണ്ട്. ഇതിന് ശേഷം മാത്രമേ തുടർനടപടികൾ കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ